<u>പതിമൂന്നാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1681</u> — <u>22.03.2012 - ൽ മറുപടിയ്ക്ക്</u>

<u>സമഗ്ര തീരദേശ സംരക്ഷണ നിയമം</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. കെ. രാജു<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. പി. തിലോത്തമൻ | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ സമഗ്ര തീരദേശ സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ ; | (എ) | 1991 ഫെബ്രുവരി 19 ന് നിലവിൽവന്ന തീരദേശ നിയന്ത്രണ വിജ്ഞാപനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. 2011 – ൽ ഇത് കേന്ദ്രസർക്കാർ ഭേദഗതി ചെയ്തിട്ടുമുണ്ട്. |
| (ബി) തീരപ്രദേശങ്ങളിൽ റിസോർട്ടുകൾ, ഹോട്ടലുകൾ തുടങ്ങിയ പ്രോജക്ടുകൾക്ക് അനുമതി ലഭിക്കുന്നതിന് പ്രസ്തുത നിയമപ്രകാരം പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | തീരപ്രദേശങ്ങളിൽ റിസോർട്ടുകൾ, ഹോട്ടലുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗരേഖ അനുബന്ധമായി ചേർത്തിരിക്കുന്നു.( **അനുബന്ധം – 1**) |
| (സി) കേന്ദ്ര നിർദ്ദേശ പ്രകാരം സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനേയും സി.എം.എഫ്.ആർ.ഐ.യേയും എന്തെല്ലാം ചുമതലകൾ ഏൽപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) | സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ സി. ആർ. ഇസഡ് ഭൂപടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സമഗ്രതീരദേശ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുന്നതിന് വേണ്ട നിർദ്ദേശം സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. 2011 ലെ പുതുക്കിയ തീരദേശവിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പരിപാലന ഭൂപടങ്ങൾ തയ്യാറാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ സർക്കാരിൽ നിന്നും സി. എം.എഫ്. ആർ.ഐ ക്ക് നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

**വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ ടൂറിസ്റ്റുകളെയും സന്ദർശകരെയും സി. ആർ,സെഡ് III, സി. ആർ,സെഡ് II എന്നിങ്ങനെ തരം തരിച്ചിരിക്കുന്ന മേഖലകളിൽ താൽക്കാലികമായി താമസിപ്പിക്കുന്നതിന് ബീച്ച് റിസോർട്ടുകളും ഹോട്ടലുകളും വികസിപ്പിക്കുന്നതിനുള്ള മാർഗരേഖ.**

I. വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ ടൂറിസ്റ്റുകളെയും സന്ദർശകരെയും സി. ആർ,സെഡ് III, സി. ആർ,സെഡ് II മേഖലകളിൽ താൽക്കാലികമായി താമസിപ്പിക്കുന്നതിന് ഹോട്ടലുകളും ബീച്ച് റിസോർട്ടുകളും നിർമിക്കുന്നത് ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായിട്ടായിരിക്കണം.

(എ) ആപൽ സാധ്യതാ രേഖയുടെ കടലിനഭിമുഖമായ ദിശയിലോ വേലിയേറ്റ രേഖയ്ക്കും വേലിയിറക്ക രേഖയ്ക്കു മധ്യേയോ 200 മീറ്ററുകൾക്കുള്ളിൽ പദ്ധതിക്കുള്ള അപേക്ഷകൻ ഒരു തരത്തിലുള്ള നിർമാണ പ്രവർത്തനവും ഏറ്റെടുത്തുകൂടാ.

(ബി) ആപൽ സാധ്യതാ രേഖയ്ക്കുള്ളിലോ, വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്ററോ ഏതാണോ കൂടുതൽ അവിടെ ഉദ്ദേശിച്ച നിർമ്മാണപ്രവർത്തനം നടത്താവുന്നതാണ്.

(സി) സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമിക്കുചുറ്റിലുമായി ജൈവവേലിയോ വള്ളിച്ചെടികൾ വളർത്തിക്കയറ്റിയ മുള്ളുകമ്പിവേലികളോ അനുവദിക്കുമെങ്കിലും ഇത്തരം വേലികൾ കടൽത്തീരത്തേക്ക് സുഗമമായി കടന്നുചെല്ലാൻ പൊതുജനങ്ങൾക്കുള്ള അവകാശത്തെ തടയുന്നതാകാൻ പാടില്ല.

(ഡി) ഒരു കാരണവശാലും മണൽത്തിട്ടകൾ നിരപ്പാക്കാൻ അനുവദിക്കുകയില്ല.

(ഇ) ഗോൾപോസ്റ്റ്, നെറ്റ് പോസ്റ്റ്, വിളക്കുകാലുകൾ എന്നിവ ഒഴികെ കായികവിനോദങ്ങൾക്കാവശ്യമായ സ്ഥിരസ്വഭാവമുള്ള നിർമ്മിതികൾ അനുവദിക്കുകയില്ല.

(എഫ്) ഏതെങ്കിലും തരത്തിലുള്ള നിർമ്മിതിമൂലം ഒരു പ്രദേശത്തെ ഭൂഗർഭജലത്തിന്റെ ഒഴുക്കുതടസ്സപ്പെടുകയില്ല എന്നു വ്യക്തമാക്കിക്കൊണ്ട് സംസ്ഥാനഗ്രൗണ്ട് വാട്ടർ അധികൃതരുടെ പക്കൽ നിന്നുള്ളതോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ഭൂഗർഭ നിലയുടെ നിർമ്മിതിക്ക് അനുമതി നൽകൂ. ഇത്തരം നോഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ആയതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗരേഖകൾ സംസ്ഥാന ഗ്രൗണ്ട് വാട്ടർ അധികൃതർ കണക്കിലെടുക്കേണ്ടതാണ്.

(ജി) വികസന നിരോധിത മേഖലയിൽ ഒരു തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനുവദിച്ചിട്ടില്ലെങ്കിലും തറ വിസ്തൃതി സൂചകം കണക്കാക്കുമ്പോൾ പ്ലോട്ടിന്റെ ഒരുഭാഗം വികസന നിരോധിത മേഖലയിലാണ് ഉൾപ്പെടുന്നതെങ്കിൽ ആ ഭാഗത്തിന്റെ അളവു കൂട്ടി കണക്കിലെടുക്കേണ്ടതാണ്.
( I ± ) ഓരോ പ്ലോട്ടിന്റെയും മൊത്തം വലുപ്പം 0.4 ഹെക്ടറിൽ കുറയാൻ പാടില്ലാത്തതും അതിൽ നടത്തിയ നിർമ്മിതികളുടെ വിസ്തീർണം എല്ലാ നിലകളിലുമായി പ്ലോട്ട് വിസ്തൃതിയുടെ 33 ശതമാനത്തിൽ കവിയാതെയുമായിരിക്കണം. അതായത് തറവിസ്തൃതി സൂചകം ഒരു കാരണവശാലും 0.33 കവിയരുത്. നിർമ്മിതികൾ നടത്തിയതിനുശേഷമുള്ള സ്ഥലം ഉചിതമായ രീതിയിൽ ചെടികൾ വളർത്തി സുന്ദരമാക്കാവുന്നതാണ്.

(ഐ) ചുറ്റുപാടുമുള്ള ഭൂപ്രകൃതിക്കും പ്രാദേശികമായ വസ്തു ശില്പശൈലിക്കും ഇണങ്ങുന്നതായിരിക്കണം നിർമ്മാണ പ്രവർത്തനങ്ങൾ

(ജെ) മേൽക്കൂരയുടെ ഏറ്റവും കൂർത്ത ഉയർന്ന ഭാഗം വരെ നിർമ്മിതികളുടെ ഉയരം പരമാവധി ഒമ്പതു മീറ്ററായിരിക്കണം. ഭൂനിരപ്പിലെ നിലയും അതിനുമേൽ ഒരു നിലയും എന്നിങ്ങനെ പരമാവധി രണ്ടു നിലകളിലായിരിക്കണം കെട്ടിടങ്ങൾക്കുണ്ടായിരിക്കേണ്ടത്.

(കെ) വേലിയേറ്റ രേഖയുടെ 200 മീറ്ററിനുള്ളിൽ ഭൂഗർഭജലം ശേഖരിക്കാനേ പാടില്ല. 200–500 മീറ്റർ പരിധിക്കുള്ളിൽ കേന്ദ്ര–സംസ്ഥാന ഭൂഗർഭജല ബോർഡുകളുടെ അനുമതിയോടെ മാത്രമേ ഭൂഗർഭജലം ശേഖരിക്കാവൂ.

(എൽ) കെട്ടിടങ്ങളുടെ അടിത്തറ, നീന്തൽക്കുളം എന്നിവ നിർമ്മിക്കാനല്ലാതെ മറ്റു യാതൊരു പ്രവർത്തനത്തിനും വേലിയേറ്റ രേഖയുടെ 500 മീറ്ററിനുള്ളിൽ മണലൂറ്റ്, നിരപ്പാക്കൽ, കുഴിക്കൽ എന്നിവ അനുവദിക്കുന്നതല്ല.

(എം) പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട സംസ്കരിച്ച മാലിന്യങ്ങൾ, ഖരമാലിന്യങ്ങൾ, പുറന്തള്ളുന്ന പുക, ശബ്ദം തുടങ്ങിയവ കേന്ദ്ര സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ ഉൾപ്പെടെയുള്ള അധികൃതസ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന തോതുമായി പൊരുത്തപ്പെടുന്നതും പരിസ്ഥിതി (സംരക്ഷണം) നിയമം 1986നു വിധേയമായിരിക്കണം.

(എൻ) പാഴ് വസ്തുക്കളുടെയും ഖരമാലിന്യങ്ങളുടെയും സംസ്കരണത്തിന് അവശ്യം വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം. സംസ്കരിക്കാത്ത പാഴ് വസ്തുക്കളോ ഖരമാലിന്യങ്ങളോ ഒരു കാരണവശാലും തീരത്തോ വെള്ളത്തിലോ പുറന്തള്ളപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തണം.
(ഒ) പൊതുജനങ്ങൾക്ക് കടൽത്തീരത്തേക്ക് പ്രവേശിക്കുന്നതിന് രണ്ടു ഹോട്ടലുകൾക്ക്/റിസോർട്ടുകൾക്ക് മധ്യേ ചുരുങ്ങിയത് 20 മീറ്റർ വീതിയിൽ ഇടനാഴി അനുവദിക്കണം. ഇത്തരം രണ്ട് ഇടനാഴികൾ തമ്മിൽ 500 മീറ്ററിലധികം അകലാൻ പാടില്ല.

(**k**]) പദ്ധതിയുടെ ഭാഗമായി വനഭൂമിയെ വനേതരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന് വനം (സംരക്ഷണം) നിയമം 1980 പ്രകാരമുള്ള അനുമതി സമ്പാദിക്കേണ്ടതാണ്. കേന്ദ്ര, സംസ്ഥാന തലങ്ങളിലുമുള്ള മറ്റേതെങ്കിലും നിയമം പദ്ധതിക്കു ബാധകമാണെങ്കിൽ അവയും പരിഗണിക്കേണ്ടിയിരിക്കുന്നു.

(ക്യൂ) സംസ്ഥാന/കേന്ദ്രഭരണപ്രദേശത്തെ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ അനുമതി സമ്പാദിക്കേണ്ടതാണ്.

II പാരിസ്ഥിതികമായ ദുർബലമായ പ്രദേശങ്ങളിൽ (ഉദാ: സമുദ്രജീവികൾ, കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ, മീനുകളുടെ മുട്ടയിടൽ സങ്കേതങ്ങൾ, വന്യജീവി സങ്കേതങ്ങൾ, കേന്ദ്രം/സംസ്ഥാനം/കേന്ദ്രഭരണ പ്രദേശം നിഷ്കർഷിക്കുന്ന ഇതര ഭാഗങ്ങൾ) ബീച്ച് റിസോർട്ടുകൾ/ ഹോട്ടലുകൾ എന്നിവ നിർമിക്കാൻ അനുവദിക്കില്ല.